**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1213** **12-06-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ സാംസ്കാരികകാര്യ വകുപ്പ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ നിയോജക മണ്ഡലത്തിൽ സാംസ്കാരികകാര്യ വകുപ്പ് മുഖേന ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആലപ്പുഴ നിയോജക മണ്ഡലത്തിൽ സാംസ്കാരികകാര്യ വകുപ്പ് മുഖേന പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടില്ല.** |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ സംഘടനകൾക്കാണ് സാംസ്കാരികകാര്യ വകുപ്പിൽ നിന്നും ഗ്രാന്റ് ഇനത്തിൽ ധനസഹായം നൽകിയിട്ടുള്ളതെന്ന് തുകയടക്കമുള്ള വിശദവിവരം ലഭ്യമാക്കാമോ? | (ബി) | ഗ്രാന്റ് ഇനത്തിൽ **തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ ആലപ്പുഴ ജില്ലാ ഭരണകൂടം സംഘടിപ്പിച്ച " Bugle of Peace" എന്ന പരിപാടിയ്ക്ക് രണ്ട് ലക്ഷം രൂപ 16.03.2024-ലെ സർക്കാർ ഉത്തരവ് (സാധാ) നം.156/2024/സാം.കാ.വ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നെങ്കിലും സാങ്കേതിക കാരണങ്ങളാൽ തുക കൈമാറാൻ കഴിഞ്ഞിരുന്നില്ല.** |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ്-സാംസ്കാരിക ഉന്നതസമിതിയുടെ പ്രവർത്തനം അവസാനിപ്പിച്ചതോടനുബന്ധിച്ച് ബാധ്യതകൾ തീർക്കുന്നതിനായി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അധിക ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാംസ്കാരികകാര്യ(സി) വകുപ്പ്**

G.O.(Rt) No.156/2024/CLAD തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-
1. സ.ഉ.(കൈ) നം.13/2022/സാം.ക.വ തീയി 20.06.2022
2. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 16.02.2023, 20.04.2023 തീയതികളിലെ പി2-9936/18/സാം.വ നമ്പർ കത്തുകളും 20.09.2023-ലെ എ3-9936/23/സാം.വ നമ്പർ കത്തും
3. സ.ഉ.(സാധാ) നം.822/2024/ധന തീയതി 30.01.2024

**ഉത്തരവ്**

സാംസ്കാരിക ഉന്നതസമിതിയുടെ പ്രവർത്തനം പരാമർശം (1) പ്രകാരം അവസാനിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തേക്കിൻകാട് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിന് സാംസ്കാരിക ഉന്നതസമിതി ലളിതകലാ അക്കാദമിയിൽ നിന്ന് മുൻകൂറായി കൈപ്പറ്റിയ 2 ലക്ഷം രൂപ കേരള ലളിതകലാ അക്കാഡമിയ്ക്ക് തിരികെ നൽകുന്നതിനും സാംസ്കാരിക ഉന്നതസമിതിയുടെ സഹകരണത്തോടെ ആലപ്പുഴ ജില്ലാ ഭരണകൂടം സംഘടിപ്പിച്ച "Bugle of Peace" എന്ന പരിപാടിയ്ക്ക് 2 ലക്ഷം രൂപ നൽകുന്നതിനുമായി സമിതിയുടെ ബാധ്യതകൾ തീർക്കുന്നതിന് സാമ്പത്തിക കണക്കുകളുടെ (Reconciled figures) ആധികാരികമായ പകർപ്പുകൾ (Authenticated copies) സഹിതം ബാധ്യതകൾ തീർക്കുന്നതിലേയ്ക്കായി മാത്രം അധിക ധനാനുമതിയ്ക്കായുള്ള പ്രൊപ്പസൽ പരാമർശം (2) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ പ്രൊപ്പസൽ സർക്കാർ വിശദമായി പരിശോധിച്ചു. തേക്കിൻകാട് ഫെസ്റ്റിവൽ സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് സാംസ്കാരിക ഉന്നത സമിതി മുൻകൂറായി കൈപ്പറ്റിയ 2 ലക്ഷം രൂപ കേരള ലളിതകലാ അക്കാദമിയ്ക്ക് തിരികെ നൽകുന്നതിനും സാംസ്കാരിക ഉന്നത സമിതിയുടെ സഹകരണത്തോടെ ആലപ്പുഴ ജില്ലാ ഭരണകൂടം

സംഘടിപ്പിച്ച "Bugle of Peace" എന്ന പരിപാടിയ്ക്ക് 2 ലക്ഷം രൂപ നൽകുന്നതിനും വേണ്ടി 2205-00-102-70 (പ്ലാൻ) സാംസ്കാരിക ഉന്നതസമിതി (Apex Body for Culture) എന്ന ശീർഷകത്തിൽ പരാമർശം (3) പ്രകാരം അധിക ധനാനുമതി മുഖേന വകയിരുത്തിയ 4,00,000/- (നാല് ലക്ഷം രൂപ മാത്രം) രൂപ കേരള ലളിതകലാ അക്കാദമി സെക്രട്ടറിയ്ക്കും ആലപ്പുഴ ജില്ലാ കളക്ടർക്കും അനുവദിച്ച് നൽകുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽപ്രസ്താവിച്ച പ്രകാരം തുക ഓൺലൈനായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള പി.എസ്.റ്റി.എസ്.ബി അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും കേരള ലളിതകലാ അക്കാദമി സെക്രട്ടറിയും ആലപ്പുഴ ജില്ലാ കളക്ടറും സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും തുക കൈപ്പറ്റി മൂന്ന് മാസത്തിനകം നിശ്ചിത പ്രൊഫോർമയിലുള്ള ധനവിനിയോഗ സാക്ഷ്യപത്രം സർക്കാരിനും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH G R
JOINT SECRETARY

ജില്ലാ കളക്ടർ, ആലപ്പുഴ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കേരള ലളിതകലാ അക്കാദമി
അക്കൗണ്ടന്റ് ജനറൽ(എ & ഇ), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി ഫോർട്ട്, തിരുവനന്തപുരം
ധനകാര്യ (വിദ്യാഭ്യാസം-സി വകുപ്പ് ( 12.03.2024-ലെ EDN-C5/42/2023-FIN നം.
ഫയൽ റിമാർക്ക്സ് പ്രകാരം)
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ ആഫീസ് പകർപ്പ് (സി2/49/2022/സാം.കാ.വ-പാർട്ട്(2) )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ്-ന്

സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറിയുടെ സി.എ-യ്ക്ക്